


*ജസ്റ്റീഷ്യ*യുടെ ഉദ്ഘാടനം മുൻ ചീഫ് ജസ്റ്റിസ് എം.എൻ വെങ്കിട ചെല്ലയ്യ നിർവഹിക്കുന്നു

■ റിപ്പോർട്ട്

അഡ്വ. ഒ. ഹാരിസ് കായംകുളം

# ജസ്റ്റീഷ്യ
## നീതിക്കുവേണ്ടി അഭിഭാഷക കൂട്ടായ്മ

**നീതിന്യായ** മേഖലയിൽ പുത്തൻ പ്രതീക്ഷയാണ് 2007 ഡിസംബർ 15ന് കോഴിക്കോട് വെച്ച് സുപ്രീംകോടതി മുൻ ചീഫ് ജസ്റ്റിസ് എം.എൻ. വെങ്കിടചെല്ലയ്യ ഉദ്ഘാടനം നിർവഹിച്ച അഭിഭാഷക കൂട്ടായ്മയായ *ജസ്റ്റീഷ്യ*. ജനാധിപത്യത്തിന്റെ മൂന്ന് നെടുംതൂണുകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ജുഡീഷ്യറി. നീതിന്യായ വ്യവസ്ഥിതിയിൽ ഇന്ന് കാണുന്ന ജീർണതകളും പൊരുത്തക്കേടുകളും പരിഹരിച്ച് മുന്നോട്ടുപോയെങ്കിൽ മാത്രമേ ജുഡീഷ്യൽ വ്യവസ്ഥിതിയെ കാത്തുസൂക്ഷിക്കാനാവൂ. നീതി തേടി കോടതിയിലെത്തുന്ന പൗരന്മാർക്ക് അത് ലഭിക്കാനുള്ള ഭാഗ്യമില്ലാതെ പോകുന്നത് ജുഡീഷ്യറിയുടെ ഏറ്റവും വലിയ പോരായ്മയാണ്.

സാമൂഹികജീവിതവുമായി അഭേദ്യമായി ബന്ധം പുലർത്തുന്ന പല നിയമങ്ങളും ഇന്നും സാധാരണക്കാർക്ക് അപ്രാപ്യമാണ്. പൗരബോധമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതോടൊപ്പം നീതിയിലധിഷ്ഠിതമായ ജീവിതം രൂപപ്പെടുത്തേണ്ടതെങ്ങനെയെന്ന് അനുശാസിക്കുക എന്നതും നിയമത്തിന്റെ ധർമമാണ്. മാനവസംസ്കാരത്തിന്റെ പുരോഗതിയിൽ, നിയമങ്ങളും നീതിനിർവഹണ സമ്പ്രദായങ്ങളും നിർണായക പങ്കുവഹിച്ചുവരുന്നു. ഒരു ജനതയുടെ ചരിത്രം പൂർണമായി മനസ്സിലാക്കണമെങ്കിൽ അവരുടെയിടയിൽ നിലനിന്നിരുന്ന നിയമവ്യവസ്ഥകൾകൂടി പഠിച്ചേതീരൂ എന്നുപറയാറുണ്ട്. സമൂഹത്തോട് നീതിപുലർത്തുകയും അതിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും നന്മ നിറഞ്ഞ ഒരു സമൂഹം കെട്ടിപ്പടുക്കുകയും ചെയ്യുക എന്നതാണ് നിയമവ്യവസ്ഥയുടെ ലക്ഷ്യം.

നീതി, നിയമം എന്നീ അർഥങ്ങളിലാണ് ലത്തീൻ ഭാഷയിൽ ജസ്റ്റീഷ്യ എന്ന പദമുപയോഗിക്കുന്നത്. ഇതിന് നിരവധി അർഥതലങ്ങളുണ്ട്. 'ആകാശം ഇടിഞ്ഞ് വീണാലും നീതി നടപ്പാക്കും'എന്ന നിയമവാക്യം ലത്തീൻ ഭാഷയിൽനിന്ന് കടംകൊണ്ടതാണ്. നിയമത്തിന്റെ ലക്ഷ്യം നീതിയാണ്. പക്ഷേ, അത് പലപ്പോഴും ആപേക്ഷികമാകാറുണ്ട് എന്നുള്ളതാണ് സത്യം. ഇന്ന് നിലനിൽക്കുന്ന പല നിയമങ്ങളും കൊളോണിയൽ കാലഘട്ടത്തിന്റെ ശേഷിപ്പുകളാണ്. സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു ജുഡീഷ്യൽ വ്യവസ്ഥിതിക്ക് വേണ്ടിയുള്ള പോരാട്ടത്തിന് നാന്ദികുറിക്കുക എന്നതാണ് *ജസ്റ്റീഷ്യ* ലക്ഷ്യമിടുന്നത്.

ആയിരം കുറ്റവാളികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധിപോലും ശിക്ഷിക്കപ്പെടാൻ പാടില്ലെന്ന ദർശനമാണ് ഇന്ത്യയുടെ ശിക്ഷാനിയമത്തിന്റെ അടിസ്ഥാ

നം. പക്ഷേ, ലക്ഷക്കണക്കിന് മനുഷ്യർ വിചാരണത്തടവുകാരായി നരകയാതനയനുഭവിക്കുന്നവരുടെ രാജ്യമായി ഇന്ത്യ മാറി. വൈകിയെത്തുന്ന നീതി, നീതിനിഷേധത്തിന് തുല്യമെന്ന് പറയാറുണ്ട്. ഇന്ത്യയിലെ വിവിധ കോടതികളിലായി മൂന്ന് കോടിയിൽപ്പരം കേസുകളാണ് വിധി തീർപ്പാക്കാതെ കിടക്കുന്നത്. സമൂഹത്തിന് അനുയോജ്യമല്ലാതെ വന്നാൽ ഏതു നിയമവും താമസംവിനാ അഴിച്ചുപണിതും പുനഃപരിശോധിച്ചും നീതിന്യായ വ്യവസ്ഥിതിയുടെ വിശ്വാസ്യത ഉറപ്പുവരുത്താൻ ഭരണകൂടം ശ്രമിക്കണം. മനുഷ്യ ജീവിതത്തെ കുടുസ്സാക്കുന്ന ആഗോളവത്കരണം രംഗപ്രവേശം ചെയ്തത് കരാറുകളും നിയമങ്ങളും വ്യവസ്ഥകളും അടിച്ചേൽപിച്ചുകൊണ്ടാണ്. ദൈവം സ്വതന്ത്രരായി സൃഷ്ടിച്ച മനുഷ്യരെ അടിമകളാക്കുകയും അവകാശം നിഷേധിക്കുകയും ചെയ്യുന്നത് കൊടുംപാപവും ക്രൂരതയുമാണ്. അത് നിസ്സംഗതയോടെ നോക്കിനിൽക്കുന്നത് അക്ഷന്തവ്യമായ അപരാധമായി *ജസ്റ്റീഷ്യ*കാണുന്നു.

മാറിയ ജീവിതസാഹചര്യത്തിൽ നീതിന്യായ വ്യവസ്ഥിതിയിലും പൊളിച്ചെഴുത്ത് അനിവാര്യമായിരിക്കുന്നു. സാമൂഹിക വ്യവസ്ഥിതികളിൽനിന്ന് വ്യതിരിക്തമായി നിൽക്കുന്ന ഒരു സ്ഥാപനമല്ല കോടതി. കോടതികളും സാമൂഹിക യാഥാർഥ്യങ്ങളും തിരിച്ചറിഞ്ഞേ പറ്റൂ. കോടതിയും ജഡ്ജിയും സംശയത്തിന് അതീതമായിരിക്കണം. വിശ്വാസ്യത നഷ്ടപ്പെട്ട ഒരു നീതിസംവിധാനത്തിൽ നിയമവാഴ്ച അസാധ്യമായിത്തീരും. ആരുടെയും മുഖം നോക്കാതെ നീതി നടപ്പാക്കുക എന്ന ആശയത്തെ പ്രതീകവത്കരിച്ചാണ് കണ്ണുകളിൽ കറുത്ത തുണിചുറ്റി തുലാസും കൈയിലേന്തി പുരാതന റോമൻ നീതിദേവത നിൽക്കുന്നത്.

നീതി പുലരണമെന്ന് ആഗ്രഹിക്കുന്ന മനുഷ്യസ്നേഹികൾക്ക് പീഡിത സമൂഹങ്ങളുടെ കണ്ണീരൊപ്പുന്നതിനും അവരുടെ വികാരങ്ങൾക്കൊപ്പം നിൽക്കുന്നതിനും *ജസ്റ്റീഷ്യ* ശ്രമിക്കും. മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചുള്ള അവബോധം പെരുകിവരുന്ന സാഹചര്യത്തിൽ അടിച്ചമർത്തപ്പെട്ടവരുടെയും ദരിദ്രരുടെയും പിന്നാക്കവിഭാഗങ്ങളുടെയും അർഹതപ്പെട്ട അവകാശങ്ങൾ നേടിക്കൊടുക്കുന്നതിന് സംഘടന സൗജന്യ നിയമസഹായം നൽകും. ജനാധിപത്യാവകാശങ്ങളും നീതിയും ധ്വംസിക്കപ്പെടുമ്പോൾ സമൂഹം അരക്ഷിതരാവും. സാധാരണക്കാർക്ക് നീതിയുടെ ലഭ്യത ഇന്നൊരു ബാലികേറാമലയായിരിക്കുന്നു. വമ്പിച്ച പണച്ചെലവുള്ളതും അനേകവർഷങ്ങൾ നീണ്ടുനിൽക്കുന്നതുമായ പ്രക്രിയയായിരിക്കുന്നു കോടതികളിൽനിന്നുള്ള നീതിലഭ്യത. സാധാരണക്കാർക്ക് നീതി അനുഭവവേദ്യമാകുന്ന തരത്തിൽ ജുഡീഷ്യൽ വ്യവസ്ഥിതി പൊളിച്ചെഴുതണം. വിധിപ്രസ്താവങ്ങൾ അനന്തമായി നീളുന്നതുമൂലം നിയമത്തിന്റെ പ്രസക്തി നഷ്ടപ്പെടുന്നു. വേഗത്തിൽ വിചാരണ ചെയ്തു ലഭിക്കുന്നതിനുള്ള അധികാരം ഭരണഘടനയുടെ 21-ാം അനുഛേദം ഉറപ്പുനൽകുന്നു. ഇത് ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണെന്ന് ഉന്നത നീതിപീഠം പ്രഖ്യാപിച്ചിട്ടുണ്ട്. സ്വാതന്ത്ര്യം നേടി ആറു പതിറ്റാണ്ട് കഴിഞ്ഞിട്ടും നമ്മുടെ നാട്ടിൽ പാവപ്പെട്ടവർക്ക് നീതിലഭിക്കുക എന്നത് ഒരു സ്വപ്നം മാത്രമായി അവശേഷിക്കുന്നു.

നമ്മുടെ കോടതികളിൽ സേവനമനുഷ്ഠിക്കുന്ന ഏതാണ്ട് കാൽലക്ഷത്തോളം വരുന്ന അഭിഭാഷകരുടെ ഉന്നമനത്തിനും പുരോഗതിക്കും വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യുകയും ധാർമിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു അഭിഭാഷകസമൂഹത്തെ വളർത്തിയെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യവും അഭിഭാഷക കൂട്ടായ്മയായ *ജസ്റ്റീഷ്യ*ക്കുണ്ട്. അഭിഭാഷകരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ചും സഹകരിച്ചും യുക്തമായ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ ശ്രമിക്കും. നിയമനിർമാണ-നിർവഹണ- നീതിന്യായതലത്തിലുള്ള അഴിമതി, കൃത്യവിലോപം, അനാവശ്യചെലവുകൾ, സ്വജനപക്ഷപാതം, വർഗീയത മുതലായ തിന്മകൾക്കെതിരെ പൊരുതും. കോടതികളിലും അനുബന്ധ സ്ഥാപനങ്ങളിലും നിലവിലുള്ള കേസുകളിലും തർക്കങ്ങളിലും ഇടപെട്ട് പരിഹാരം കാണാൻ ശ്രമിക്കും. ആവശ്യമായ സ്ഥലങ്ങളിൽ അദാലത്തുകൾ, കൗൺസലിംഗ് സെന്ററുകൾ മുതലായവ സ്ഥാപിക്കും. കുടുംബ തർക്കങ്ങൾ രമ്യമായി പരിഹരിക്കാൻ യത്നിക്കും. ലക്ഷ്യപ്രാപ്തിക്കുവേണ്ടി ജനസമ്പർക്കത്തിലൂടെയും മനുഷ്യസ്നേഹികളുടെ സഹകരണത്തോടെ ഭരണഘടനാനുസൃതമായും നിയമവിധേയമായുമാണ് കർമപരിപാടികൾ ആസൂത്രണം ചെയ്യുക. പൗരന്മാരുടെ ഭരണഘടനാപരവും നിയമപരവുമായ ബാധ്യതകളേയും അവകാശങ്ങളേയും കുറിച്ചുള്ള ബോധവത്കരണം, മാനവികവിരുദ്ധവും അധാർമികവുമായ നിയമനിർമാണങ്ങളുടെ പ്രതിരോധം എന്നീ വിഷയങ്ങളിൽ ഊന്നി സംഘടന പ്രവർത്തിക്കും.

ജനാധിപത്യത്തിന്റെ അടിസ്ഥാന ഘടകങ്ങൾ പോലും രാജ്യത്ത് ശരിയായി നിർവഹിക്കപ്പെടുന്നില്ലെന്ന് *ജസ്റ്റീഷ്യ*യുടെ ഉദ്ഘാടന സമ്മേളനത്തിൽ ജസ്റ്റിസ് എം.എൻ വെങ്കിട ചെല്ലയ്യ പറഞ്ഞു. രാജ്യത്ത് ജാതികളും വർഗങ്ങളുമായി സമൂഹം വിഭജിക്കപ്പെടുന്നത് അപകടകരമായ സ്ഥിതിവിശേഷമാണ്. ജനാധിപത്യത്തിന്റെ അടിസ്ഥാനം മതേതരത്വവും സഹിഷ്ണുതയുമാണ്. പൗരന്റെ അവകാശം സംരക്ഷിക്കുന്നതിനാണ് മുൻഗണന കൊടുക്കേണ്ടത്. എല്ലാ മേഖലയിലും വികസനവും അവകാശ സംരക്ഷണവും സാമൂഹിക സമത്വവും ഉണ്ടാകുമ്പോഴേ ശരിയായ പുരോഗതി കൈവരിക്കാനാവൂ.

നീതിയിലധിഷ്ഠിതമായ സമൂഹത്തെയാണ് ഭരണഘടന വിഭാവനം ചെയ്യുന്നത്. എന്നാൽ, 68 ശതമാനം മെമ്പർമാരും പാർലമെന്റിലെത്തുന്നത് കുറഞ്ഞ വോട്ട് നേടിയാണ്. ഇത്തരം ഒരു പാർലമെന്റ് എങ്ങനെയാണ് മൊത്തം ജനങ്ങളെ പ്രതിനിധാനം ചെയ്യുന്നത്? മറ്റു രാഷ്ട്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇവിടത്തെ രാഷ്ട്രീയ സമൂഹം സിവിലിയൻ സമൂഹത്തെ പ്രതിനിധാനം ചെയ്യുന്നില്ല. പൊതുജനം രാഷ്ട്രീയ സമൂഹത്തെ നിയന്ത്രിക്കുന്നതിനു പകരം തിരിച്ചാണ് സംഭവിക്കുന്നത്. സാമ്പത്തിക വികസനത്തിലുപരി മാനുഷിക സുരക്ഷിതത്വവും വികസനവുമാണ് മുഖ്യ വിഷയമാകേണ്ടത്. നല്ല പൗരന്മാരെ സൃഷ്ടിക്കുകയും അവരുടെ അവകാശങ്ങൾ ഹനിക്കപ്പെടാതിരിക്കുകയും ചെയ്യുമ്പോഴാണ് അർഥവത്തായ ജനാധിപത്യം ഉണ്ടാവുക. അമേരിക്കയിൽ കറുത്തവർഗക്കാർ സർക്കാർ വകുപ്പുകളിൽനിന്ന് തഴയപ്പെട്ട അവസ്ഥ ഇല്ലാതായത് അവിടത്തെ വിപ്ലാത്മകമായ സുപ്രീംകോടതി വിധിയിലൂടെയാണ്. ഇത് നമുക്ക് വഴികാട്ടിയാവേണ്ടതുണ്ട് - അദ്ദേഹം പറഞ്ഞു.

നീതിയും നിയമവും ഹനിക്കപ്പെട്ടാൽ പ്രതികരിക്കേണ്ടത് ജീവനുള്ളവരുടെ കടമയാണെന്ന് ചടങ്ങിൽ പ്രസംഗിച്ച ജസ്റ്റിസ് കെ. സുകുമാരൻ പറഞ്ഞു. നിയമത്തിലധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെയുള്ള വിപ്ലവമാണ് നല്ല സമൂഹത്തെ സൃഷ്ടിക്കുന്നത്. വിശ്വാസവും വിപ്ലവവും തമ്മിൽ പൊരുത്തക്കേടുകളില്ലെന്നും അദ്ദേഹം വ്യക്തമാക്കി. രാജ്യം മതങ്ങളുടെയും വർഗങ്ങളുടെയും അടിസ്ഥാനത്തിൽ ഛിന്നഭിന്നമാകുന്ന അവസ്ഥയിൽ ഐക്യം ഉദ്ഘോഷിക്കുന്ന പ്രവർത്തനങ്ങൾ അനിവാര്യമാണെന്ന് ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ തന്റെ വീഡിയോ സന്ദേശത്തിൽ പറഞ്ഞു.

നീതിനിർവഹണ സംവിധാനത്തെ മൂല്യവത്കരിക്കുക, പൊതുജനങ്ങളെ നിയമബോധമുള്ളവരാക്കുക, നീതി നിഷേധിക്കപ്പെട്ടവർക്കുവേണ്ടി പോരാടുക എ




'മനുഷ്യാവകാശങ്ങളും ജുഡീഷ്യറിയും' സിമ്പോസിയം
അഡ്വ. നന്ദിതാ ഹക്സർ ഉദ്ഘാടനം ചെയ്യുന്നു

ന്നിവ *ജസ്റ്റീഷ്യ*യുടെ ലക്ഷ്യങ്ങളാവണമെന്നാണ് സമൂഹം ആഗ്രഹിക്കുന്നതെന്ന് ജമാഅത്തെ ഇസ്‌ലാമി കേരള അമീർ ടി. ആരിഫലി പറഞ്ഞു. സാമ്രാജ്യത്വം നീതിനിർവഹണ സംവിധാനത്തിൽ പിടിമുറുക്കുന്ന അവസ്ഥയിൽ നിയമ സംവിധാനം കുറ്റമറ്റതാക്കാൻ ശ്രമങ്ങളുണ്ടാവേണ്ടതുണ്ട്. ജഡ്ജിമാരുടെ നിയമനങ്ങൾ സുതാര്യമാക്കേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

*ജസ്റ്റീഷ്യ*യുടെ പ്രസിഡന്റ് അഡ്വ. അഹ്മദ് കുട്ടി പുത്തലത്ത് അധ്യക്ഷത വഹിച്ചു. ഡോ. ഷക്കീൽ അഹ്മദ് (ഗുജറാത്ത്) പ്രസംഗിച്ചു. വൈസ് പ്രസിഡന്റ് അഡ്വ. എം.പി മുഹമ്മദ് അസ്‌ലം സ്വാഗതവും അഡ്വ. കെ.എൽ. അബ്ദുസ്സലാം നന്ദിയും പറഞ്ഞു.

തുടർന്ന് 'മനുഷ്യാവകാശങ്ങളും ജുഡീഷ്യറിയും' എന്ന വിഷയത്തിൽ നടന്ന സിമ്പോസിയത്തിൽ *മാധ്യമം* എഡിറ്റർ ഒ. അബ്ദുർറഹ്മാൻ അധ്യക്ഷത വഹിച്ചു. പ്രശസ്ത മനുഷ്യാവകാശ പ്രവർത്തകയും ആക്ടിവിസ്റ്റുമായ നന്ദിതാ ഹക്സർ സിമ്പോസിയം ഉദ്ഘാടനം ചെയ്തു. കേരള ഹൈക്കോടതിയിലെ സീനിയർ അഡ്വക്കേറ്റ് കെ. രാംകുമാർ, കോയമ്പത്തൂർ സെൻട്രൽ ജയിലിൽ അബ്ദുന്നാസിർ മഅ്ദനിയോടൊപ്പം ഒമ്പതര വർഷം ജയിൽവാസം അനുഭവിക്കേണ്ടി വന്ന ആർമി രാജു, പി.എം.എ സലാം എം.എൽ.എ, കെ. അജിത, അഡ്വ. മഞ്ചേരി സുന്ദർ രാജ് തുടങ്ങിയവർ പങ്കെടുത്തു. *ജസ്റ്റീഷ്യ*യുടെ സെക്രട്ടറി അഡ്വ. സി. ഉബൈദുല്ല നന്ദി പറഞ്ഞു. ടി.കെ ഹുസൈൻ, അഡ്വ. ഒ. ഹാരിസ്, അഡ്വ. സജീവ് തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നൽകി. ■